Roll No: | | | | | | | |

Code No. 012

# INDIAN SCHOOL, AL GHUBRA, MUSCAT

## SAMPLE QUESTION PAPER: 2017

## CLASS: X MALAYALAM 2ND LANGUAGE

## മലയാളം

Time allowed: 3 hrs — M.Marks: 90

*അനുവദിച്ച സമയം: 3 മണിക്കൂർ* — *ആകെ മാർക്ക്: 90*

*General Instructions:* *13-2-2017*

- Please check that this question paper contains 4 printed pages.
- Code number given on the right, hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains 8 questions
- Please write down the Serial Number of the question before attempting it.
- The Question Paper is divided in to four sections:-
  - Section A:Reading Comprehension – 10 marks
  - Section B:Writing – 14 marks
  - Section C:Grammar – 18 marks
  - Section D: Literature – 48 marks
- 15 minutes time has been allotted to read this question paper. The students will read the question paper only and will not write any answer on the answer-book during this period.

### SECTION-A/ എ. വിഭാഗം (10 Marks)

1. ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

നർമ്മബോധം സേവനത്തിനുള്ള വലിയ ഒരുപാധിയാണ്. ചക്രത്തിന് എണ്ണ എന്നപോലെയാണ് ജീവിതത്തിനു നർമ്മബോധം. ചക്രത്തിൻെറ ഗതി സുഗമമാക്കുന്നതിന് എണ്ണ ഏതുവിധത്തിൽ സഹായകകരമായിത്തീരുന്നുവോ അതേ വിധത്തിൽ ജീവിതത്തിലെ കുഴപ്പങ്ങൾ ലഘൂകരിക്കുന്നതിന് നർമ്മബോധം സഹായകമായിത്തീരുന്നു. ഈ ബോധം ജീവിതത്തെ ഒരു പുതിയ വീക്ഷണ കോണിൽക്കൂടി കാണുന്നതിനു നമ്മെ പ്രാപ്തരാക്കുന്നു. കുട്ടികൾ ചീത്തവാക്കു പറയുന്നതു തടയേണ്ടത് ആവശ്യം തന്നെ. എന്നാൽ തമാശ പറയുന്നത് നിർത്തൽ ചെയ്യുവാൻ ശാസിക്കുന്നത് ശരിയല്ല. നേരെമറിച്ച് അതിന് അവരെ ഉത്സാഹിപ്പിക്കുകയാണു വേണ്ടത്. കുട്ടികൾ അസ്വസ്ഥരായോ ചിന്താകുലരായോ കാണുമ്പോൾ അതിൻെറ പിന്നിൽ ആരുടേയോ വിവരക്കേടുണ്ടെന്ന് അനുമാനിക്കാം. അതുകൂടാതെ കഴിവാനുള്ള വിവേകം രക്ഷിതാക്കൾക്ക് ഉണ്ടാകണം.

(1) നർമ്മബോധം എണ്ണപോലെയാണെന്നു പറയുന്നതെന്തുകൊണ്ട്? 2

(2) ഏതുകാര്യത്തിലാണ് കുട്ടികളെ ഉത്സാഹപ്പെടുത്തേണ്ടത്? 2

(3) കുട്ടികൾ അസ്വസ്ഥരായോ ചിന്താകുലരായോ കാണുമ്പോൾ അനുമാനിക്കവുന്നതെന്ത്? 2

(4) നർമ്മബോധം ഏതു കാര്യത്തിനാണു സഹായകമായിത്തീരുന്നത്? 2

(5) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

## SECTION-B/ ബി. വിഭാഗം (14 Marks)

2. (i) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 7

   (a) ശാസ്ത്രം മനുഷ്യപുരോഗതിക്കു നൽകിയ സംഭാവനകൾ

   (b) ലോകസമാധാനം

   (c) ലഹരിവസ്തുക്കളും യുവതലമുറയും

   (ii) നിങ്ങളുടെ പ്രദേശത്തെ ജനജീവിതത്തെ ദുരിതത്തിലാക്കുന്ന മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അധികൃതർക്ക് ഒരു കത്തെഴുതുക. 7

## SECTION-C/ സി. വിഭാഗം (18 Marks)

3. (a) പ്രയോഗം മാറ്റുക 2

   (i) നിവൃത്തിയില്ലാതെ അർബാബ് എന്നെ മരുഭൂമിയിൽനിന്നു തിരിച്ചു വിളിച്ചു.

   (ii) നാണയം അയാളാൽ തിരിച്ചു പോക്കറ്റിലിടപ്പെട്ടു.

   (b) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 1

   യാദൃച്ഛികമായി ഒരു ദിവസം ചുമടിറക്കാൻ ആളില്ലാതെയാണ് ഒരു ട്രെയിലർ വന്നത്.

   (c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 1

   ഇപ്പോൾ ഇരുട്ടിൽ പരുക്കൻ തെരുവിൻെറ ക്രൂരതയിൽ അവൾ വീണ്ടും തനിച്ച് ഒറ്റപ്പെട്ടിരിക്കുകയാണ്.

4. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

   (a) പര്യായപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

   (i) കൈ

   (ബാഹു, പാഷാണം, ശോണിതം, കരം)

   (ii) പ്രഭാതം

   (സമ്പന്നം, പുലരി, കാലം, കാല്യം)

   (b) നാനാർത്ഥപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

   (i) പക്ഷം

   (ചിറക്, വില, ഭാഗം, സ്വപ്നം)

   (ii) മതി

   (സൂര്യൻ, ചന്ദ്രൻ, ബുദ്ധി, വിലാപം)

   (c) വിപരീതപദം എഴുതുക (2 x 1 = 2)

   (i) ഖേദം

   (വേദം, ദു:ഖം, വിഷമം, മോദം)

   (ii) നിസ്സന്ദേഹം

   (അഹം, സഹായം, സന്ദേഹം, ഉത്സാഹം)

(d) പദങ്ങളുടെ അർത്ഥവ്യത്യാസം എടുത്തെഴുതുക (2 x 1 = 2)

(i) സാഗരം–സംഗരം

(യുദ്ധം, വഴക്ക്, സന്തോഷം, സമുദ്രം)

(ii) ഉദരം–ഉദാരം

(ശ്രേഷ്ഠം, വല, വയറ്, കഴുത്ത്)

(e) എതിർലിംഗം എഴുതുക (2 x 1 = 2)

(i) മഹതി

(മഹദ്, മഹത്വം, മേന്മ, മഹാൻ)

(ii) മടയി

(മടയത്തി, മടു, മടിച്ചി, മടയൻ)

5. (a) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (2 x 1 = 2)

(i) പ്രദേശങ്ങൾ

(ii) ഒറ്റത്തെങ്ങ്

(b) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക (2 x 1 = 2)

(i) ചില്ലുഭിത്തി

(ii) തിക്തഫലം

## SECTION-D/ ഡി. വിഭാഗം ( 48 Marks)

6. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക. (8 x ½ = 4)

(a) താഴെക്കൊടുത്തിട്ടുള്ളതിൽ ബെന്യാമിൻേറതല്ലാത്ത കൃതി –
(ആടുജീവിതം, കടൽക്കാക്കകൾ, ഇ.എം.എസും പെൺകുട്ടിയും, അബീശഗിൻ)

(b) കഥാനായകൻ വസിക്കുന്ന ലോകത്തിനെ പ്രപഞ്ചത്തിൻെറ ഇതര ഭാഗങ്ങളുമായി ബന്ധിപ്പിക്കാനുള്ള ഏകവഴിയേത്? –
(മസറ, പോച്ചക്കച്ചി, വണ്ടികൾ, അർബാബ്)

(c) 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന ചെറുകഥയിൽ പുത്തൻ പൊങ്ങച്ചസംസ്കാരത്തിൻെറ പ്രതിനിധിയായി അവതരിപ്പിക്കുന്ന സ്ത്രീകഥാപാത്രം ആര്?
(റാണി, രമണി, നാണി, വിമല)

(d) മുക്തകണ്ഠം ഘോഷിക്കുന്നത്
(പുഴവക്കിലെ പൂക്കൾ, നിലപ്പനപ്പൂവിനാറിതൾ, പട്ടണം, പുലരി വന്നു)

(e) അംഗനരാധിപനാര്?
(ശകുനി, അർജ്ജുനൻ, കർണ്ണൻ, ഭീമൻ)

(f) ഇടയ്ക്കു പുഞ്ചിരി പൊഴിക്കുന്നത്
(ആസ്സാം പണിക്കാർ, കവുങ്ങുകൾ, വീടുകൾ, ചിന്തകൾ)

(g) ചിത്തമുഴന്നലറുന്നതാര്?
(സുഭദ്ര, ഉത്തര, ഭഗദത്തൻ, അഭിമന്യു)

(h) കാല്പനികതയിൽ നിന്നും മലയാളകവിതയെ യാഥാർത്ഥ്യത്തിൻെറ പരുക്കൻപ്രതലങ്ങളിലേക്ക് നയിച്ചവരിൽ പ്രധാനി
(അക്കിത്തം, വൈലോപ്പിള്ളി, പി. കുഞ്ഞിരാമൻനായർ, ചങ്ങമ്പുഴ)

7. (a) ഉത്തരമെഴുതുക

(i) നജീബ് സൈനുവിനെഴുതിയ കത്തിൻെറ ഉള്ളടക്കമെന്തായിരുന്നു? 4

(ii) 'ഞാനപ്പോൾ അയാളെ ശപിച്ച വിധം! ഇപ്പോഴെനിക്കത് ആലോചിക്കുകകൂടി വയ്യ. ലോകത്തൊരാളും ഒരപരിചിതനെ ഇത്രയധികം ശപിച്ചുകാണില്ല.' ശപിക്കാനിടയായ സാഹചര്യം വിശദമാക്കുക. 4

(iii) അനാഥയായ പെൺകുട്ടിയെ ഒഴിവാക്കി വീട്ടിലെത്തിയ കഥാനായകൻ കുട്ടിക്കാലത്ത് തെരുവിൽ നിന്നു വീട്ടിലേക്ക് എടുത്തുകൊണ്ടുവന്ന പൂച്ചക്കുട്ടിയെക്കുറിച്ച് ഓർത്തുപോകുന്നു. കഥാനായകൻെറ ഈ ഓർമ്മയ്ക്ക് കഥയിൽ എന്തു പ്രസക്തിയാണുള്ളത്? 4

(iv) 'പിന്നെ എഴുന്നേറ്റ് അയാളുടെ കൈപിടിച്ച് ഒപ്പം നടന്നുപോയി.' അയാളുടെ കൈപിടിച്ച് ഒപ്പം നടന്നുപോയതാര്? സന്ദർഭം വിശദമാക്കുക. 4

(b) (i) ഗാന്ധാരിയുടെ വിലാപത്തിന് ശത്രുഭേദമില്ല. മക്കൾ നഷ്ടമായ എല്ലാ കാലത്തെയും അമ്മമാരുടെ നിലവിളിയാണിത്–കുറിപ്പെഴുതുക. 4

(ii) 'പലനാളായ് പിരിഞ്ഞിരുന്ന ഞങ്ങൾക്കീ മലനാടെത്രമേൽ മധുരദർശനം' – ആശയം വിശദമാക്കുക. 4

(iii) ആസ്സാം പണിക്കാർ കാലത്തിൻെറ കയ്യിൽ ഏൽപിക്കുന്നതെന്ത്? 4

(iv) അടുത്തൂൺ പറ്റി സ്വന്തം ഗ്രാമത്തിൽ തിരിച്ചെത്തിയ കവിയോട് നഗരത്തിൻെറ പരിഹാസം നിറഞ്ഞ കുശലാന്വേഷണം എന്തായിരുന്നു? 4

8. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (2 x 6 = 12)

(a) കേരളീയ നവോത്ഥാനത്തിൽ ചട്ടമ്പിസ്വാമികളുടെ പ്രധാന്യം വിശദമാക്കുക.

(b) ചട്ടമ്പിസ്വാമികളുടെ ജീവിതമാണ് അദ്ദേഹത്തിൻെറ സന്ദേശം – വ്യക്തമാക്കുക.

(c) വിജ്ഞാനദാഹിയായ വിപ്ലവകാരിയെന്നു ചട്ടമ്പിസ്വാമികളെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്? വ്യക്തമാക്കുക.